# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 380 **17.12.2014** ന് മറുപടിയ്ക്ക്

## ഫാക്ടറീസ് ആൻറ് ബോയിലേഴ്സിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ ; | എ) പരിശോധിച്ചിട്ടുണ്ട് . |
| ബി) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഫാക്ടറികൾ സന്ദർശിച്ച തൊഴിൽമന്ത്രിയുടെ നേതൃത്വത്തിലുള്ള പരിശോധനയിൽ കണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | ബി) തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിലുള്ള നിയമസഭാസമിതി 27.11.2014 ന് കഞ്ചിക്കോട് മേഖലയിലെ പാരഗൺ സ്റ്റീൽസ് ഫാക്ടറി പരിശോധിച്ചിരുന്നു. പരിശോധനാസമയത്ത് മുഖ്യമായും തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകിയിരുന്നില്ലായെന്നും സുരക്ഷാ ക്രമീകരണങ്ങൾ തൃപ്തികരമല്ല എന്നും കണ്ടെത്തിയിട്ടുണ്ട് . |
| സി) ഇതിനെത്തുടർന്ന് തൊഴിൽ നിയമലംഘനം തടയുന്നതിൽ പരാജയപ്പെട്ടതിന്റെ പേരിൽ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ; | സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ബോധപൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി)തൊഴിൽ നിയമഭേദഗതി ഇത്തരം പ്രശ്നം കൂടുതൽ വഷളാക്കുമോ ; എങ്കിൽ നിയമ ഭേദഗതികൾ തിരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ? | ഡി) തൊഴിൽ നിയമഭേദഗതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ കേന്ദ്രത്തെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ